# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1563 — 14.07.2016 ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.എം.എം.മണി

**മറുപടി**

**ഡോ.റ്റി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

## സംസ്ഥാനത്തെ റവന്യൂ സമാഹരണം വര്‍ദ്ധിപ്പിക്കാന്‍ നടപടി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ റവന്യൂ സമാഹരണം കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് വേണ്ട വിധത്തില്‍ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | സംസ്ഥാനത്തെ റവന്യു സമാഹരണം കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് വേണ്ടവിധത്തില്‍ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യു സമാഹരണം വര്‍ദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതല്‍ വ്യാപാരികളെ നികുതി വലയത്തില്‍ കൊണ്ടുവരിക, റവന്യു കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊര്‍ജ്ജിത നികുതി പിരിവ് യജ്ഞം നടത്തുക, റവന്യു റിക്കവറി നടപടികളുടെ വേഗത വര്‍ദ്ധിപ്പിക്കുക, അഴിമതി നിര്‍മ്മാര്‍ജ്ജനം ചെയ്യുക, നികുതി വകുപ്പിലെ ഇന്റേണല്‍ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, നികുതി വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വര്‍ദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക, നികുതിനിരക്കുകള്‍ യുക്തിസഹമാക്കുക എന്നീ പദ്ധതികള്‍ നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നു. |
| (ബി) | റവന്യൂ സമാഹരണം വര്‍ദ്ധിപ്പിക്കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്; വിശദാംശം നല്‍കാമോ? | |

അക്കൗണ്ട്സ് ഓഫീസര്‍